# US PROFILES



## പി.സി.മാത്യു

emalayalee.com



# ഗാർലൻഡ് സിറ്റിയുടെ ആവശ്യങ്ങൾ അറിയുന്നു എന്നതാണ് എന്റെ യോഗ്യത: പി.സി.മാത്യു

മീട്ടു റഹ്മത്ത് കലാം

ആത്മവിശ്വാസമാണ് ഒരു നേതാവിന് ഉണ്ടായിരിക്കേണ്ട ഏറ്റവും വലിയ ഗുണം. ഈ തിരഞ്ഞെടുപ്പിൽ ജനങ്ങൾ അനുകൂലമായി വിധി എഴുതുമെന്ന പ്രത്യാശ, ഗാർലൻഡ് സിറ്റി കൗൺസിലിലേക്ക് മത്സരിക്കുന്ന പി.സി.മാത്യുവിന്റെ കണ്ണുകളിൽ കാണാം. മലയാളി വോട്ടർമാരുടെ പൂർണ പിന്തുണ ലഭിച്ചാൽ, മറ്റൊന്നും നോക്കേണ്ടതില്ല മറ്റ് അമേരിക്കക്കാരുടെ വോട്ടുകൾ കൂടിയാകുമ്പോൾ ജയിക്കാമെന്നു കണക്കുകൂട്ടുന്നു.. സിറ്റിക്കും ജനങ്ങൾക്കും എന്താണ് വേണ്ടതെന്ന് കൃത്യമായി അറിഞ്ഞ് അങ്കക്കളത്തിൽ ഇറങ്ങുന്ന പി.സി, ഇലക്ഷനുമായി ബന്ധപ്പെട്ട തന്റെ നയങ്ങൾ വ്യക്തമാക്കുന്നു...

**താങ്കൾ മത്സരിക്കുന്ന ഗാർലൻഡ് സിറ്റിയുടെ സവിശേഷതകൾ എന്തൊക്കെയാണ്? എന്തുകൊണ്ടാണ് കൗൺസിൽ അംഗമായി മത്സരിക്കാൻ തീരുമാനിച്ചത്?**

അമേരിക്കയിലെ വലിയ സംസ്ഥാനങ്ങളിൽ

ഒന്നായ ടെക്സസിലെ ഡാലസ് കൗണ്ടിയിലെ പ്രകൃതിരമണീയമായ സിറ്റിയാണ് ഗാർലൻഡ്. രണ്ടര ലക്ഷത്തോളം പേർ താമസിക്കുന്ന ഈ സിറ്റിയിൽ, ധാരാളം മലയാളികളുണ്ട്.ആകെ 8 ഡിസ്ട്രിക്റ്റുകളുണ്ട്. ഡിസ്ട്രിക്റ്റ് 3 -ലാണ് ഞാൻ മത്സരിക്കുന്നത്. കമ്മ്യൂണിറ്റിക്കിടയിൽ വിഭജനം വേണ്ടെന്ന് കരുതി ടെക്സസിലെ സിറ്റികൾക്ക് പൊളിറ്റിക്കൽ അഫിലിയേഷൻ നൽകിയിട്ടില്ല. സ്റ്റേറ്റ് റെപ്രെസെന്റേറ്റീവ്, സെനറ്റർ, സ്റ്റേറ്റ് സെനറ്റർ, കോൺഗ്രസ് മാൻ എന്നീ സ്ഥാനങ്ങൾക്കാണ് പാർട്ടി അഫിലിയേഷനുള്ളത്.

ഇവിടെ ലോക്കൽ ക്രമസമാധാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാനത്തിന്റെ പരിധിയിൽ അല്ല, മറിച്ച് സിറ്റിയുടെ നിയന്ത്രണത്തിലാണ്. സിറ്റിക്കു പോലീസ് ചീഫും പോലീസ് ഡിപ്പാർമെന്റും ഉണ്ട്. കൗണ്ടിക്കും സ്റ്റേറ്റിനും അധികാരങ്ങൾ വെവ്വേറെയാണ്. 8 കൗൺസിൽ മെമ്പർമാരും മേയറും ചേർന്നാണ് സിറ്റിയിലെ പോളിസികൾ തീരുമാനിക്കുന്നതും നടപ്പാക്കുന്നതും. കൗൺസിൽ അംഗമായി ഒരു മലയാളി വരുന്നത് കമ്മ്യൂണിറ്റിക്ക് ഏറെ ഗുണം ചെയ്യുമെന്ന് ഉത്തമബോധ്യമുള്ളതുകൊണ്ടാണ് മത്സരിക്കാൻ തീരുമാനിച്ചത്. തന്നയല്ല നാനാത്വം ആവശ്യവു മാണ്.

**ഗാർലൻഡ് സിറ്റിയെ എത്ര നാളായി അടുത്തറിയാം?**

2005 മുതൽ ഡാലസ് കൗണ്ടിയിലെ ഇർവിൻഗ് എന്ന സിറ്റിയിലാണ് ഞാൻ താമസിച്ചിരുന്നത്. അവിടത്തെ ഹോം ഓണേഴ്സ് അസോസിയേഷന്റെ പ്രസിഡന്റ് ആയിരുന്നു. 2014 മുതൽ ഗാർലൻഡിൽ പ്രോപ്പർട്ടി ഉണ്ടായിരുന്നെങ്കിലും,2020 ലാണ് ഇങ്ങോട്ട് താമസം മാറ്റിയത്.ഹോം ചർച് ഗാർലന്ഡിനടുത്തായതും താമസം മാറ്റുവാൻ പ്രേരിപ്പിച്ചു.

ഷോർസ് ഓഫ് വെല്ലിങ്ടൺ, റസ്റ്റിക് ഓക്സ് കമ്മ്യൂണിറ്റികളിൽ ഹോം ഓണേഴ്സ് അസോസിയേഷൻ ബോർഡിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ഗാർലൻഡ് സിറ്റിയുടെ എൻവയോൺമെന്റൽ & കമ്മ്യൂണിറ്റി അഡ്വൈസറി ബോർഡിലും കമ്മീഷനുകളിലും സേവനമനുഷ്ഠിച്ചതുകൊണ്ട് ഇവിടുത്തെ ആളുകളുടെ ആവശ്യങ്ങൾ അടുത്തറിയാം.സിറ്റിയെക്കുറിച്ച് കൃത്യമായ ധാരണയുമുണ്ട്. പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ചും ജനങ്ങളുടെ ആവശ്യകതകളെക്കുറിച്ചും വ്യക്തമായ അവബോധവുമുണ്ട് .

**സംഘടനാപാടവം ഉണ്ടെന്ന് നാട്ടിൽവച്ച് തിരിച്ചറിഞ്ഞിരുന്നോ? എങ്ങനെയാണ് അമേരിക്കൻ സംഘടനകളിൽ സജീവമായത്?**

കേരള യൂണിവേഴ്സിറ്റി യൂണിയൻ എക്സിക്യൂട്ടീവ് അംഗമായിട്ടുണ്ട്. 75-83 കാലയളവിൽ തുരുത്തിക്കാട് ബി. എ.. എം. കോളജിൽ മൂന്ന് തവണ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.83 ൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പറായി നോമിനേറ്റ് ചെയ്യപ്പെട്ടു. കേരള വിദ്യാർത്ഥി കോൺഗ്രസിൽ കൂടി വളർന്നു വന്ന ഒരു കറകളഞ്ഞ വിദ്യാർത്ഥി നേതാവ് കൂടിയാണ് പി. സി.മാത്യു, കോളേജിൽ നിന്നും പതിനാലു വിദ്യാർത്ഥികളുമായി തിരുവല്ലയിൽ വന്നു ഡി. ടി. ഓ. ഓഫീസിലിൽ ധർണ നടത്തി കോളേജിലേക്ക് സ്റ്റുഡന്റസ് ഒൺലി ബസ് കൊണ്ടുവന്ന മധുരിക്കുന്ന ഓർമ്മകൾ പി. സി. പങ്കുവെച്ചു.

2008 മുതൽ വേൾഡ് മലയാളി കൗൺസിലിൽ സജീവമായിരുന്നു. പ്രൊവിൻസ് സെക്രട്ടറി, പ്രസിഡന്റ്, റീജിയണൽ വൈസ് പ്രസിഡന്റ്, റീജിയണൽ ചെയർമാൻ,ഗ്ലോബൽ പ്രസിഡന്റ്, റീജിയൻ ചെയർമാൻ, ഗ്ലോബൽ വൈസ് പ്രസിഡന്റ്, എന്നീ സ്ഥാനങ്ങൾ വഹിച്ചു. സത്യത്തിൽ, അമേരിക്കൻ മലയാളികൾക്ക് എന്റെ നേതൃപാടവം ഇത്തരം പ്രവർത്തനങ്ങളിലൂടെ ബോധ്യപ്പെട്ടതിന്റെ ഫലമായി കമ്മ്യൂണിറ്റിക്കൊരു പ്രതിനിധി എന്ന നിലയിലേക്ക് മത്സരിക്കാൻ സ്നേഹപൂർവമുള്ള നിർദ്ദേശങ്ങൾ മലാളികളിൽ നിന്ന് തന്നെ ഉയർന്നതാണ് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആത്മവിശ്വാസം നൽകിയത് .

**ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ സ്ഥാപിക്കാനുണ്ടായ കാരണം?**

ഇന്ത്യൻ കോൺസുലേറ്റിൽ ചെന്ന് മലയാളി എന്ന് പറഞ്ഞാൽ ലഭിക്കുന്ന പ്രതികരണത്തെക്കാൾ ഇന്ത്യൻ എന്നുപറഞ്ഞാലുള്ള പരിഗണനയാണ് മെച്ചപ്പെട്ടത് എന്ന് ബോദ്ധ്യം ആയി. കൂടാതെ വിദേശത്തു വരുമ്പോൾ നാം ഇന്ത്യക്കാർ ആയിട്ടാണ് മറ്റുള്ളവർ കാണുന്നത്. അങ്ങനെയാണ്, ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ സ്ഥാപിച്ചത്. സംഘടനയുടെ സ്ഥാപക പ്രസിഡന്റും നിലവിലെ പ്രസിഡന്റുമാണ്. നമ്മൾ തുടങ്ങിവച്ച ഒന്ന് നല്ലരീതിയിൽ പോകുന്നു എന്നതിൽ ചാരിതാർഥ്യമുണ്ട്. ഇപ്പോൾ സംഘടനയ്ക്ക് ആഫ്രിക്കയിലും കാനഡയിലും ചാപ്റ്റേഴ്സ് തുടങ്ങി. globalindian-council.org എന്നാണ് വെബ്സൈറ്റെ അഡ്രസ്.

**വിജയിച്ചാൽ കേരളത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാനാകുമോ?**

ഉണർവ് എന്ന പേരിൽ പരിസ്ഥിതി സംരക്ഷണാർത്ഥം ഒരു ഷോർട് ഫിലിം നിർമ്മിച്ചിരുന്നു.

emalayalee.com

കുറച്ചു ഭാഗങ്ങൾ കേരളത്തിലാണ് ചിത്രീകരിച്ചത്.

പ്ലാസ്റ്റിക് ഒഴിവാക്കുക എന്നൊരു പ്രൊപ്പോസൽ കൊണ്ടുവരണമെന്നുണ്ട്. ഗാർലൻഡ് സിറ്റിയിലെ മാലിന്യ നിർമാർജ്ജന രീതികൾ പ്രശംസനീയമാണ്.അധികൃതരുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നൊരു ടീമിനെ ഇവിടെ എത്തിച്ച് ഈ വിഷയം മനസ്സിലാക്കി കൊടുത്താൽ നാടിന് അത് ഗുണം ചെയ്യും. കൃത്യമായി നടപ്പാക്കാൻ കഴിഞ്ഞാൽ വളരെ നല്ലതാണ്.ഞാൻ സിറ്റി കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാൽ,ഇവിടത്തെ പൊലീസ് സംവിധാനത്തെക്കുറിച്ച് നാട്ടിലെ ഉദ്യോഗസ്ഥർക്ക് വന്നുകണ്ട് പഠിക്കാനുള്ള അവസരവുമൊരുക്കും. കൂടാതെ ജയിക്കുകയെങ്കിൽ, നിയമസഹായം ആവശ്യമുള്ളവർക് സഹായിക്കുന്നതിനായി അറ്റോർണിമാരുടെ ഒരു ഫോറം ഉണ്ടാക്കുവാൻ കൗൺസിലിനെ പ്രോത്സാഹിപ്പിക്കും.

**താങ്കളുടെ വിജയം ഗാർലാൻഡ് സിറ്റിയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരും ?**

ഗാർലൻഡ് സിറ്റി ആളുകൾക്ക് താമസിക്കാനും ജോലി ചെയ്യാനും ബിസിനസ്സ് തുടങ്ങാനുമുള്ള ഏറ്റവും മികച്ച ഇടമാക്കി മാറ്റാനുള്ള പദ്ധതികൾ നടപ്പാക്കും. ബഹുസാംസ്കാരിക സമൂഹമാണ് സിറ്റിയുടെ എടുത്തുപറയാവുന്ന പ്രത്യേകത. അതിനാൽ തന്നെ ഏവരുടെയും സുരക്ഷയ്ക്കും ആരോഗ്യത്തിനും തുല്യമായ പരിഗണനകൊടുത്ത് ആളുകളെ ഐക്യത്തോടെ മുന്നോട്ടുകൊണ്ടുപോകും. അഗ്നിശമന സേനാംഗങ്ങൾ, പൊലീസ്, സിറ്റി സ്റ്റാഫ് എന്നിവർക്കുള്ള ബജറ്റ് വർദ്ധിപ്പിക്കും. അടിസ്ഥാന സൗകര്യങ്ങൾക്കും പാരിസ്ഥിതിക പദ്ധതികൾക്കും വേണ്ടി കൂടുതൽ പണം ചെലവഴിക്കും. നികുതി

കഴിയുന്നിടത്തോളം കുറയ്ക്കാനുള്ള ശ്രമം നടത്തും. നികുതി നിരക്കുകൾ അവലോകനം ചെയ്യുകയും ചെയ്യും. സ്കൂളുകൾ മികവ് കൈവരിക്കുന്നതിനും പ്രാധാന്യം നൽകും.

സ്ത്രീകളെ ശാക്തീകരിക്കുന്നതിനും, ന്യൂനപക്ഷങ്ങളെയും ദരിദ്രരെയും സഹായിക്കുന്നതിനും പ്രത്യേക പദ്ധതികൾ ഏർപ്പെടുത്തും. ചെറുകിട ബിസിനസ്സുകളെ പ്രോത്സാഹിപ്പിക്കുക എന്നതും എന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ബിസിനസുകാരെ ആകർഷിക്കുന്ന തരത്തിൽ സിറ്റിയുടെ മുഖച്ഛായ മാറ്റും.

**സാമൂഹികപ്രവർത്തകൻ, മാധ്യമപ്രവർത്തകൻ, എഴുത്തുകാരൻ ...ഇതിൽ ഏത് കർമ്മമണ്ഡലമാണ് കൂടുതൽ സംതൃപ്തി നൽകുന്നത്?**

സാമൂഹിക പ്രവർത്തനം എനിക്കൊരു പാഷനാണ്. മാധ്യമപ്രവർത്തനത്തെയും സാമൂഹിക പ്രവർത്തനമായാണ് കാണുന്നത്.സമൂഹത്തിന് ഗുണകരമായ മാറ്റങ്ങളുണ്ടാക്കാനാണ് ശ്രമം. വളരെ വർഷങ്ങൾക് മുമ്പ് ഡാലസിലെ കമ്മ്യൂണിറ്റി സർവീസസിന് ഏഷ്യാനെറ്റ് (യുഎസ്എ) അവാർഡ് ലഭിച്ചത്, പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കാണുന്നു.

കോളജിൽ പഠിക്കുമ്പോൾ കവിതകൾ എഴുതിയിരുന്നു. മനത്തുള്ളികൾ എന്നൊരു കവിതാസമാഹാരം പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇവിടത്തെ ഐഎപിസി ചാപ്റ്ററിന്റെ അഡ്വൈസറി ബോർഡ് ചെയർമാനാണ്. വേറിട്ട ചിന്തയുടെ വിത്ത്,എഴുത്തിലും പ്രവർത്തനങ്ങളിലും ഒരുപോലെ പ്രതിഫലിക്കും. ഏത് കാര്യം ചെയ്യുമ്പോഴും അതിന്റെ പൂർണതയാണ് ആഗ്രഹിക്കുന്നത്. അതിലാണ് എന്റെ ആനന്ദവും സംതൃപ്തിയും.

**വോട്ടർമാരോട് പറയാനുള്ളത്?**

ഗാർലൻഡ് സിറ്റി കൗൺസിലിലേക്ക് രണ്ടാം തവണയാണ് മത്സരിക്കുന്നത്. 2021 മെയ് 1-ന് നടന്ന തിരഞ്ഞെടുപ്പിൽ നാലുപേർ മത്സരിച്ചതിൽ രണ്ടാം സ്ഥാനം നേടാനായി.നിസാര വോട്ടുകൾക്കാണ് വിജയം കൈവിട്ടുപോയത്. ജയപരാജയങ്ങൾ തീരുമാനിക്കുന്നതിൽ ഇവിടുത്തെ മലയാളി വോട്ടർമാർക്ക് വലിയ പങ്കുണ്ട്.നമ്മുടെ കമ്മ്യൂണിറ്റി എനിക്ക് നൽകുന്ന സ്നേഹവും പിന്തുണയും കാണുമ്പോൾ വിജയപ്രതീക്ഷ ഏറെയാണ്. വലിയ ആത്മവിശ്വാസത്തോടെയാണ് മത്സരിക്കുന്നത്.

തിരഞ്ഞെടുപ്പ് മേയ് 6 നാണ്. ഏർളി വോട്ടിങ് ഏപ്രിൽ 24 ന് തുടങ്ങും.വോട്ടവകാശം എല്ലാവരും പ്രയോജനപ്പെടുത്തണം. 18 വയസ്സ് തികഞ്ഞ എല്ലാവരും വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേരുണ്ടെന്ന് ഉറപ്പാക്കണം. ഇല്ലാത്തവർ,ഏപ്രിൽ 6 ന് മുൻപായി രജിസ്റ്റർ ചെയ്യണം.മെയിൽ വോട്ടിങ് ചെയ്യാൻ ഉദ്ദേശിക്കുന്നവർ അതിനുള്ള അപേക്ഷ സമർപ്പിച്ചാൽ,ആ സൗകര്യം ചെയ്തുകിട്ടുന്നതാണ്. ഡാലസ് കൗണ്ടി വെബ്സൈറ്റിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണ്.2022 ൽ 2021 നേക്കാൾ

പ്രോപ്പർട്ടി ടാക്സ് വകയിൽ ലഭിക്കുന്ന വരുമാനത്തിൽ നിന്നും കമ്മ്യൂണിറ്റിക്ക് തിരിച്ചുകൊടുക്കാൻ അധികൃതർ ബാധ്യസ്ഥരാണ്.ബ്രോക്കൺ സൈഡ് വോക്ക് വേ പുതുക്കിപ്പണിയാൻ വീട്ടുടമകളോട് പണം ചോദിക്കുന്നുണ്ട്. പണം വാങ്ങാതെ സൈഡ് വോക്ക് വേ നന്നാക്കാൻ ബജറ്റ് വകയിരുത്തണമെന്നാണ് ഞാൻ മനസ്സിൽ കണ്ടിരി

emalayalee.com

ക്കുന്നത്. രണ്ടുവർഷം മുൻപ് ഇക്കാര്യം മേയറുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല. അത്തരത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. വോട്ടർമാർ ഉദ്ദേശശുദ്ധി മനസ്സിലാക്കി ഒപ്പം നിൽക്കുകയും പിന്തുണയ്ക്കുകയും വേണം.

**ഒരു വോട്ടറുടെ വീക്ഷണത്തിൽ താങ്കളിലെ സ്ഥാനാർത്ഥിയിൽ കാണുന്ന ഗുണങ്ങൾ?**

നിരവധി സാമൂഹിക-സാംസ്കാരിക സംഘടനകളുടെ തലപ്പത്തിരുന്ന അനുഭവസമ്പത്തുണ്ട്. ജനങ്ങളുമായി ഇടപഴകാനുള്ള താല്പര്യം എക്കാലത്തുമുണ്ട്. ജനപിന്തുണ വോട്ടുകളായി മാറുമെന്നാണ് കരുതുന്നത്. പ്രശ്നങ്ങൾ എന്താണെന്നും അവ എങ്ങനെപരിഹരിക്കാനാകുമെന്ന ധാരണ ഞാൻ എന്നിൽ കാണുന്ന ഒരു പ്ലസ് പോയിന്റാണ്.

രണ്ട് ഹോം ഓണേഴ്സ് അസോസിയേഷൻ ബോർഡുകളിൽ ട്രഷററായും (ഷോർസ് ഓഫ് വെല്ലിംഗ്ടൺ) വൈസ് പ്രസിഡന്റായും (റസ്റ്റിക് ഓക്സ് എച്ച്ഒഎ) സേവനമനുഷ്ഠിച്ചുകൊണ്ട് ജനങ്ങളുമായും സിറ്റി കൗൺസിൽ അംഗങ്ങളുമായും ഗാർലൻഡ് ചേംബർ ഓഫ് കൊമേഴ്സുമായും നല്ല ബന്ധമാണ്. ഗാർലാൻഡ് ചേംബർ ഓഫ് കോമേഴ്സ് സ്മാൾ ബിസിനെസ്സ് ഓണേഴ്സിനെ സഹാഹിക്കുന്നതിൽ മുൻ പന്തിയിലാണ്. സിറ്റി ചെയ്യുന്ന പല നല്ല കാര്യങ്ങളും മലയാളികൾ അറിയുന്നതിനും അതിൽ നിന്നും പ്രയോജനം ലഭിക്കുന്നതിനും തന്റെ സാന്നിധ്യം സഹായിക്കും.

**പരാജയഭീതി തെല്ലും അലട്ടുന്നില്ലേ?**

ഗൾഫ് യുദ്ധകാലത്ത് ബഹ്റൈൻ ഡിഫൻസ് ഫോഴ്സിൽ / അമേരിക്കൻ കോർ ഓഫ് എഞ്ചിനിയേർസ് കൺസ്ട്രക്ഷൻ വിഭാഗത്തിൽ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. പരാജയം എന്നല്ല, ഒന്നിനെയും ഭയക്കാതെ നെഞ്ചുവിരിച്ച് നേരിടും. തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾ നടത്താൻ വലിയൊരു സൗഹൃദ വലയമുണ്ട്.അവർ പകരുന്ന ധൈര്യം ചെറുതല്ല.

ശശി തരൂർ പറഞ്ഞതുപോലെ വിജയിക്കുന്നതിലല്ല,മത്സരിക്കാൻ ധൈര്യം കാണിക്കുന്നതിലാണ് കാര്യം.ബൈബിളിലൊരു വചനമുണ്ട് : 'രാജാവിൻറെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടുകണക്കെ ഇരിക്കുന്നു.'

ആ ദൈവവചനത്തിൽ ഞാൻ വിശ്വസിക്കുന്നു. എങ്കിൽ 'ജനത്തിന്റെ ഹൃദയം കടല് കണക്ക് ദൈവത്തിന്റെ കൈയിൽ ഇരിക്കുന്നു' എന്ന് താൻ വിശ്വസിക്കുന്നു.

നിരവധി പുതിയ വോട്ടർമാരുണ്ട്. അമേരിക്കൻ മലയാളികൾ രാഷ്ട്രീയത്തെ ഗൗരവത്തോടെ കാണുന്ന ഇപ്പോഴത്തെ പ്രവണത പ്രതീക്ഷാവഹമാണ്.



**കുടുംബം?**

ഭാര്യ ഡെയ്സി മാത്യു റെക്സ് ഹെൽത് റിസോഴ്സ്സിൽ നഴ്സായി ജോലി ചെയ്യുന്നു..മക്കൾ: അലിൻ (നഴ്സ് പ്രാക്റ്റീഷനർ), മരുമകൻ ടിമോ കുരിയൻ അമേരിക്കൻ എയർലൈൻസിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയർ, മൂത്ത മകൻ അൻസൽ മാത്യു ബോസ്റ്റണിൽ ഡെന്റൽ സ്കൂൾ വിദ്യാർത്ഥി ആണ്. ഇളയ മകൻ ഫിനാൻസ് ഡിഗ്രി കഴിഞ്ഞു. പി. സി. മാത്യുവിനെ സിയോൺ കുരിയൻ എന്ന പേരിൽ ഒരു പേരക്കുട്ടിയും ഉണ്ട്. മൂത്ത സഹോദരിയും കുടുംബവും അഞ്ചു മയിൽ ദൂരെ മെസ്കിറ്റ് സിറ്റിയിൽ താമസിക്കുന്നു .